# ഗൾഫ് സലഫികളും കേരളത്തിലെ ഇസ്ലാഹി പ്രസ്ഥാനവും

(വിമർശനങ്ങൾക്ക് മറുപടി)

ഡോ. കെ. കെ. സകരിയ്യാ സ്വലാഹി

## കേരളത്തിലെ ഇസ്ലാഹി പ്രസ്ഥാനം ഒരു സ്വതന്ത്ര മദ്ഹബോ?

കേരളത്തിലെ മുജാഹിദ് പണ്ഡിതൻമാർ 'കൂപമണ്ഡൂകങ്ങൾ' (കിണറ്റിലെ തവള) ആണെന്നും ലോകത്തെ മറ്റ് വൈജ്ഞാനിക കേന്ദ്രങ്ങളുമായോ പണ്ഡിതരുമായോ യാതൊരു ബന്ധവുമില്ലാത്ത സങ്കുചിത വീക്ഷണക്കാരാണെന്നും ഇസ്ലാമിസ്റ്റുകൾ പണ്ട് മുതലേ നമ്മെ ആക്ഷേപിക്കാറുണ്ട്. ഇതിന് തെളിവായി സലഫികൾക്കെതിരിലുള്ള ചില അറബി ലേഖനങ്ങൾ തർജമ ചെയ്ത് കൊടുക്കുകയും മൗദൂദിക്ക് ഫൈസൽ അവർഡ് കിട്ടിയതും മൗദൂദിയെ അനുകൂലിച്ച് ചില അറബി ശൈഖുമാർ എഴുതിവി ട്ടതും അവർ പൊക്കിപ്പിടിക്കാറുമുണ്ട്. എന്നാൽ ഇസ്ലാഹീ പ്രസ്ഥാനത്തിൻെറ ആശയാദർശങ്ങൾ അറബ് ലോകം പൊതുവെ അംഗീകരിച്ചതാണെന്ന് ഉന്നതരായ അറബി ശൈഖുമാരുടെ ലേഖനങ്ങളും ഉദ്ധരണികളും തെളിവാക്കിക്കൊണ്ട് നമുക്ക് സമർത്ഥിക്കാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. മാത്രമല്ല, കേരളത്തിൽ മുജാഹിദുകൾ ഉയർത്തിപ്പിടിക്കുന്ന ആശയാദർശങ്ങൾ ലോകത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള സലഫീ പണ്ഡിതൻമാരും സംഘടനകളും ഒരുപോലെ അംഗീകരിക്കുന്നതാണെന്നും നമ്മെപോലെ അറബ് ലോകത്തെ സലഫീ പണ്ഡിതൻമാരും അഭിമാനപൂർവ്വം സമർത്ഥിക്കാറുണ്ട്. ആഗോളതലത്തിൽ നടക്കുന്ന സലഫീ ചലനങ്ങളുടെ ഒരുഭാഗം തന്നെയാണ് കേരളത്തിൽ നടക്കുന്നതെന്നും സംഘടനകളുടെ പേരുകൾ വ്യത്യസ്തമാണെങ്കിലും എല്ലാം ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവയാണെന്നും നമ്മളും അറബ് സലഫികളും ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അവരുമായി കർമ്മശാസ്ത്രപരവും മറ്റുമായ ചില മസ്അലകളിൽ നമുക്കുള്ള അഭിപ്രായ ഭിന്നത ആശയ രംഗത്തുള്ള ഐക്യത്തിന് തടസമായി നാം കണ്ടിരുന്നില്ല. നമ്മുടെ സോവനീറുകളും നിരവധി പ്രസിദ്ധീകരണങ്ങളും അറബ് സലഫികളുമായും മറ്റ് നാടുകളിലുള്ള സലഫികളുമായും നമുക്കുള്ള ആദർശ ഐക്യത്തെ പലവട്ടം ഊന്നി പ്പറഞ്ഞിട്ടുണ്ട്. പകൽവെളിച്ചംപോലെ വ്യക്തമായ ഈ യാഥാർത്ഥ്യംപോലും മൂടി വെച്ചുകൊണ്ടും തമസ്ക്കരിച്ചുകൊണ്ടുമാണ് എം.ഐ. സുല്ലമി തൻെറ 'വെട്ടിനി രത്തൽ' നടത്തിയിട്ടുള്ളത്. 10 പേജുകളിലായി അദ്ദേഹം ഇറക്കിയ രണ്ടാം ലഘുലേഖയിൽ ഇങ്ങനെ കാണാം:

“സഊദി അറേബ്യയിലും ഈജിപ്തിലും മറ്റ് പല രാഷ്ട്രങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരുന്ന നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ആവേശം നൽകിയിട്ടുണ്ടാവാം...... ...... ...... നമ്മുടെ ആശയാദർശങ്ങൾ നമ്മുടെ പണ്ഡിതൻമാരുടെ പഠനങ്ങളിൽ നിന്നും ഗവേഷണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞുവന്നവയാണ്” (ലഘുലേഖ പേജ് 1).

വീണ്ടും അദ്ദേഹം എഴുതുന്നു:

“യഥാർത്ഥത്തിൽ ഗൾഫ് സലഫികളുടെ ആശയാദർശങ്ങളോട് പൂർണമായി യോജിക്കുന്ന ഒരു സംഘടനയും കേരളത്തിലില്ല. കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തോട് ലക്ഷ്യത്തിലും മാർഗത്തിലും പൂർണമായി യോജിപ്പുള്ള ഒരു സംഘടനയും മറ്റെവിടെയെങ്കിലും ഉള്ളതായി നമുക്കറിയുകയുമില്ല“ (ഗൾഫ് സലഫിസം എന്ന പുസ്തകത്തിലെ വായനക്കുമുമ്പ് എന്ന ഭാഗം).

വീണ്ടും ടിയാൻ എഴുതുന്നു:

“ഇസ്‌ലാഹീ പ്രസ്ഥാനത്തിൻെറ ആശയാദർശങ്ങളും സംഘടനാ നിയമങ്ങളും ഭാരവാഹികളുടെ തെരഞ്ഞെടുപ്പുചട്ടങ്ങളുമെല്ലാം ഇവിടത്തെ പണ്ഡിതരുടെയും പ്രവർത്തകരുടെയും വിജ്ഞാനത്തിൽ നിന്നും പരിചയത്തിൽനിന്നും ഉണ്ടായിത്തീർന്നതാണ്’” (ഗൾഫ് സലഫിസം: പേജ് 146).

ഇത് എം.ഐ. സുല്ലമിക്ക് മാത്രം പറ്റിയ ഒരു നാക്കുപ്പിഴയാണെന്ന് കരുതേണ്ടതില്ല. അഡ്രസില്ലാത്ത പലരും ചേർന്നെഴുതിയ നീലപുസ്തകത്തിലും ഈ ആശയം തുറന്നെഴുതിയത് നോക്കൂ:

“ഏഴു പതിറ്റാണ്ടിലധികം കാലമായി ഖുർആനിൻെറയും സുന്നത്തിൻെറയും അടിസ്ഥാനത്തിൽ കേരളത്തിൽ നവോത്ഥാന പരിഷ്ക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മുജാഹിദ് പ്രസ്ഥാനത്തോട് ലക്ഷ്യത്തിലും മാർഗത്തിലും നയപരിപാടികളിലും പൂർണ്ണമായി യോജിപ്പുള്ള മറ്റേതെങ്കിലും സംഘടന, ലോകത്തെവിടെയെങ്കിലും ഉള്ളതായി നാമിതുവരെ പ്രഖ്യാപിച്ചിട്ടില്ല, മനസിലാക്കിയിട്ടുമില്ല.” (നീലപുസ്തകം: പേജ് 9)

എന്തുമാത്രം കളവുകളാണ് ഇവർ എഴുന്നൊള്ളിക്കുന്നത്? തങ്ങൾക്ക് സംഭവിച്ച വ്യതിയാനത്തിന് മറപിടിക്കാനും വ്യതിയാന ആരോപണമുന്നയിച്ചവരെ പഴഞ്ചൻമാരും അറബികളുടെ ‘മൂടുതാങ്ങി’കളുമൊക്കെയായി ചിത്രീകരിക്കുവാനുംവേണ്ടി എഴുതിവിട്ട ഈ വിഷലിപ്തമായ വാചകങ്ങൾ നാം മുമ്പ് എഴുതിപ്പോയ എത്രയെത്ര ലേഖനങ്ങളെയാണ് അഗണ്യകോടിയിൽ തള്ളിയതെന്ന് ഈ കലക്കൽ വിദഗ്ദ്ധൻമാർ ചിന്തിച്ചിട്ടുണ്ടോ? ഈ ‘മാസ്റ്റർ പീസു’മായി ഊരു ചുറ്റുന്ന വളണ്ടിയർ കോറുകാർ ചിന്തിച്ചിട്ടുണ്ടോ? ഇസ്‌ലാഹീ പ്രസ്ഥാനത്തിൻെറ ആശയാദർശങ്ങൾ കേരളത്തിലെ ‘ഠ’വട്ടത്തിലുള്ള ചില മൗലവിമാരുടെ പഠന ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്

എന്ന പ്രസ്താവം സുന്നികൾക്കും ജമാഅത്ത്-തബ്ലീഗ് വിഭാഗങ്ങൾക്കും നമ്മെ അടിക്കാൻ നല്ല ഒന്നാന്തരം ഒരു വടി നൽകിയിരിക്കുകയാണ്.

സുന്നികളുടെ രിസാലയിൽ എഴുതുന്നു:

“കാലം സാക്ഷി! കേരള മുജാഹിദുകൾ ഇന്ന് നമ്മെ ഈ കൊച്ചുകേരളത്തിന്റെ ‘o’വട്ടത്തിലേക്ക് ക്ഷണിക്കുകയാണ്. പത്തെഴുപത്തഞ്ച് വർഷങ്ങൾ നീണ്ടുനിന്ന ഗവേഷണ പര്യവേക്ഷണങ്ങളിലൂടെ തങ്ങൾ ഉരുവപ്പെടുത്തിയ കേരള മെയ്ഡ് ഇസ്ലാമിലേക്കാണ് ക്ഷണം. ഇതോടുകൂടെ നേരത്തെ പുറത്തിറക്കിയ ഗ്രന്ഥങ്ങളും രചനകളും ലേഖനങ്ങളും പ്രഭാഷണങ്ങളും വാദപ്രതിവാദങ്ങളുമെല്ലാം ‘മൻസൂഖാ’യി ... ... ... മുജാഹിദുകൾ സ്വന്തം പിതാക്കളെ തള്ളിപ്പറയുകയാണിപ്പോൾ. ഗൾഫ് സലഫികളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്നും ഈജിപ്തിലെ സിയോണിസ്റ്റുചാരൻമാരാണ് നമുക്ക് ആദർശം പഠിപ്പിച്ചതെന്നും അവരിപ്പോൾ പറയുന്നു” (രിസാല: 2002 ഒക്ടോബർ 5)

ഇനി ജമാഅത്തെ ഇസ്ലാമിക്കാരുടെ ‘ബോധന’ത്തിൽ പരിഹാസപൂർവ്വം അവർ എഴുതിയത് എം.ഐ. പ്രഭൃതികൾ തലതാഴ്ത്തി വായിക്കട്ടെ:

“യഥാർത്ഥത്തിൽ ഐ.എസ്.എമ്മുകാരുടെ വെളിപ്പെടുത്തൽ മുജാഹിദ് പ്രസ്ഥാനത്തെ കേരളത്തിന്റെ നാലതിർത്തിക്കുള്ളിൽ ഒതുങ്ങുന്ന ഒരു ‘കേരളകോൺഗ്രസ്’ ആക്കിച്ചുരുക്കിയിരിക്കുന്നു. ഏതാനും ആളുകൾക്ക് തോന്നിയ ചില അഭിപ്രായങ്ങളുടെ പേരിൽ അവർ സംഘടിപ്പിച്ചുണ്ടാക്കിയ ഒരു ‘ഖുർആൻ സുന്നത്ത് സൊസൈറ്റി’ എന്നർത്ഥം. അതിനുലോകാടിസ്ഥാനത്തിലുള്ള ഒരു മാനമോ അടിത്തറയോ ഇല്ല. മറ്റുള്ളവർ കാണുന്ന ഗൗരവവുമില്ല. ഈ വാദഗതിയിലൂടെ ‘മുജാഹിദ് പ്രസ്ഥാനം’ എന്ന ആനയെ അനുയായികൾ തന്നെ തൊഴുത്തിൽ കെട്ടിക്കഴിഞ്ഞു” (ബോധനം ദ്വൈമാസിക: 02 നവ-ഡിസം: പേജ് 8)

നോക്കുക! എല്ലാ ആദർശശത്രുക്കളും എം.ഐ. സുല്ലമിയുടെ ഈ പുസ്തകം ഒരു നിധി കിട്ടിയ ഉത്സാഹത്തോടെ പ്രചരിപ്പിക്കുകയാണ്. മുജാഹിദുകളുടെ പുസ്തകം വായിക്കരുതെന്ന് പറഞ്ഞിരുന്ന സുന്നികൾപോലും ആവേശത്തിൽ പുസ്തകം വാങ്ങി കൂടിയിരുന്ന് വായിച്ചു ചർച്ചചെയ്യുന്നു!

ഇനി മുമ്പ് നാം എഴുതിയ ചില ലേഖനങ്ങളുടെ പ്രസക്ത ഭാഗങ്ങൾ സാന്ദർഭികമായി ഇവിടെ ഉദ്ധരിക്കട്ടെ; അവയൊക്കെ എന്നു മുതൽക്കാണ് ദുർബ്ബലപ്പെട്ടതെന്ന് വ്യതിയാന നേതാക്കളും എം.ഐ. സുല്ലമിയും വ്യക്തമാക്കട്ടെ. ‘ഇസ്ലാഹീ പ്രസ്ഥാനം’ എന്ന പേരിൽ ഐ.എസ്.എം സംസ്ഥാന കമ്മിറ്റി വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ നാല് പേജുള്ള ലഘുലേഖയുടെ മൂന്നാം പേജിൽ ഇങ്ങനെ കാണാം:

1. “ഇസ്ലാഹീ പ്രസ്ഥാനം കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഇതര സംസ്ഥാനങ്ങളിൽ ‘അഹ്ലെ ഹദീസ്’ എന്ന പേരിലും അറബ് നാടുകളിൽ ‘സലഫികൾ’ എന്ന പേരിലുമാണ് ഈ പ്രസ്ഥാനം അറിയപ്പെടുന്നത്. ആഫ്രിക്ക വൻകരയിലും മറ്റും പ്രവർത്തി

ക്കുന്ന 'സനൂസി' പ്രസ്ഥാനവും ഈജിപ്തിലെയും മറ്റും 'ജംഇയ്യത്തു അൻസാരി സ്സുന്നത്തിൽ മുഹമ്മദിയ്യ'യും ഇസ്ലാഹീ പ്രവർത്തനമാണ് നടത്തുന്നത്. ലോകത്തി ന്റെ വിവിധ ഭാഗങ്ങളിൾ വിവിധ പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും ലക്ഷ്യവും മാർഗവും ഒന്നാണെന്ന് ചുരുക്കം. (ലഘുലേഖ പേജ് 3).

വിപ്ലവം വിളമ്പി എന്ന് മേനി നടിക്കുന്ന എം.ഐ. സുല്ലമിയും മറുപക്ഷത്തിനെതിരിൽ ഒന്നാന്തരം തെളിവ് കിട്ടി എന്ന് ഭാവിക്കുന്ന കോർ ഗ്രൂപ്പുകാരും മേലുദ്ധരണി ആവർത്തിച്ച് വായിക്കട്ടെ. ഗൾഫ് സലഫികളുടെ ആശയങ്ങളെക്കുറിച്ച് മാത്രമല്ല, കേരളത്തിലെ സലഫികളെക്കുറിച്ചുപോലും എം.ഐ.ക്കും അനുയായികൾക്കും സാമാന്യ വിവരമില്ല എന്നതിന് ഇതിൽപ്പരം വലിയ തെളിവ് വേണ്ടതുണ്ടോ? മടവൂർ വിഭാഗക്കാർ തങ്ങളുടെ ദാർശനികൻമാരിൽ ഒരാളായി, തന്നെ കെട്ടി എഴുന്നള്ളിച്ചുകൊണ്ട് നടക്കുന്നു എന്നതുമാത്രം മതി എം.ഐ. സുല്ലമിക്ക് എന്ന് തോന്നും അദ്ദേഹത്തിന്റെ പുസ്തകം കണ്ടാൽ. താനെന്ത് വിഡ്ഢിത്തമെഴുതിയാലും അതൊക്കെ കോർ ഗ്രൂപ്പുകാർക്ക് 'ഇമ്മി ണിബല്യേ' തെളിവാണ് എന്ന് ടിയാന് നന്നായറിയാം. ഇയാളാണത്രേ വിഘടിത പണ്ഡിതസഭയുടെ അസി. സെക്രട്ടറി!?

2. മടവൂർ വിഭാഗത്തിന്റെ സഹയാത്രികനായ കോയക്കുട്ടി ഫാറൂഖി എഴുതുന്നു:

“അതിനാലാണ് ലോകത്ത് ഇതിന്റെ പ്രവർത്തകർ വ്യത്യസ്ത നാമധേയത്തിൽ വിളി ക്കപ്പെടുന്നത്. ചിലപ്പോൾ 'അൻസാറുസ്സുന്നത്തിൽ മുഹമ്മദിയ്യ' എന്നുള്ള പേരിൽ, ചിലേടങ്ങളിൽ അഹ്ലുൽ ഹദീസ് എന്ന്. വേറെ ചില സ്ഥലങ്ങളിൽ അഹ്ലുത്തൗഹീദ് എന്നോ 'മുജാഹിദുകൾ' എന്നോ ആണ് അറിയപ്പെടുന്നത്. അങ്ങനെ പലനാമങ്ങളി ൽ. എല്ലാവരും പ്രബോധനം ചെയ്യുന്നത് ഒരേ കാര്യം. അല്ലാഹുവിന്റെ ദീൻ ജനങ്ങളി ൽ എത്തിക്കുക. അതിനാൽ ലോകത്തിന്റെ ഏത് മൂലയിൽ ഈ ആദർശമുള്ളവരുണ്ടോ അവരെല്ലാം ഒരേ ചരടിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ അവർ പരസ്പരം അറിഞ്ഞില്ലെങ്കിൽ പോലും (ശബാബ് 94, സെപ്തംബർ 9 - സലഫി പ്രബോധനത്തിന്റെ യാഥാർത്ഥ്യം).

3. എൻ.വി. സകരിയ്യ സലഫി (അരീക്കോട്) എഴുതുന്നു:

“ലോകത്തുടനീളം നടന്നുകൊണ്ടിരിക്കുന്ന നവോത്ഥാനത്തിന്റെ പ്രമുഖ കണ്ണിയാണ് കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം. നദ്വത്തുൽ മുജാഹിദീൻപോലെ പ്രത്യേക പേരിൽ അറബ് നാടുകളിൽ തൗഹീദ് പ്രസ്ഥാനം അറിയപ്പെടുന്നില്ല. സലഫികൾ എന്ന് മൊത്തത്തിലാണ് അറിയപ്പെട്ടത്. വിവിധ നാടുകളിൽ വിവിധ പേരുകളിലാണ് നവോത്ഥാന പ്രസ്ഥാനങ്ങൾ അറിയപ്പെടുന്നത്” (ശബാബ് സെമിനാർ പതിപ്പ് 2000, പേജ് 47)

4. വിമത നേതാവ് സാക്ഷാൽ ഹുസൈൻ മടവൂർ തന്നെ പാലക്കാട് സമ്മേളന സോവനീറിൽ എഴുതുന്നു:

“ലോക ഇസ്‌ലാമിക ചലനങ്ങളിൽ സലഫീ പ്രസ്ഥാനത്തിന് അവഗണിക്കാൻ വയ്യാത്ത സ്ഥാനമാണുള്ളത്. മധ്യപൗരസ്ത്യ ദേശത്തെ സലഫീ പണ്ഡിതൻമാരും സംഘടനകളും വലിയ സേവനങ്ങളാണ് നിർവ്വഹിക്കുന്നത്. സഊദി അറേബ്യയും ഖത്തറും ഈ രംഗത്ത് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. കുവൈത്തിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും സലഫികളുടെ വ്യവസ്ഥാപിതമായ പ്രവർത്തനങ്ങളുണ്ട്. ഈജിപ്തിലും സുഡാനിലും മറ്റ് ആഫ്രിക്കൻ രാഷ്ട്രങ്ങളിലുമുള്ള അൻസാറുസ്സുന്ന, ഇന്തോനേഷ്യയിലെ ജംഇയ്യത്തുൽ മുഹമ്മദിയ്യ, അമേരിക്കയിലെ മുസ്‌ലിം സൊസൈറ്റി, ഇബ്നുതൈമിയ ഇസ്‌ലാമിക് ഫൗണ്ടേഷൻ, ബ്രിട്ടനിലെ ജംഇയ്യത്തു അഹ്‌ലെ ഹദീസ്, നേപ്പാളിലെ തൗഹീദ് സെൻറർ, ഫിജിയിലെയും സിലോണിലെയും അഹ്‌ലെ ഹദീസ് തുടങ്ങിയവ എടുത്തുപറയത്തക്ക സലഫീ സംഘടനകളാണ്. സഊദി അറേബ്യയിലെ ദാറുൽ ഇഫ്താ, ദുബൈയിലെ ദാറുൽ ബിർറ്, കുവൈത്തിലെ ഇഹ്‌യാഉത്തുറാസിൽ ഇസ്‌ലാമി, ബഹ്‌റൈനിലെ ജംഇയ്യത്തുത്തർബിയ്യത്തിൽ ഇസ്‌ലാമിയ തുടങ്ങിയവ ആദർശ പ്രചാരണത്തോടൊപ്പം സേവന പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഇന്ത്യയിൽ 1906 മുതൽ കേന്ദ്ര ജംഇയ്യത്ത് അഹ്‌ലെ ഹദീസ് പ്രവർത്തിക്കുന്നു. ഇന്ന് എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തനങ്ങളുണ്ട്. നിരവധി സ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും സംഘടനയുടെ കീഴിൽ നടത്തപ്പെടുന്നു. കേന്ദ്ര അഹ്‌ലേ ഹദീസിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് മുജാഹിദ് പ്രസ്ഥാനമാണ്. എല്ലാ വിഭാഗം ജനങ്ങളിലും ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ട് ആധുനിക ലോകത്തെ ഏറ്റവും ശ്രദ്ധേയവും സത്യസന്ധവുമായ ഇസ്‌ലാമിക പ്രസ്ഥാനമായി സലഫീ പ്രസ്ഥാനം വളർന്നുകഴിഞ്ഞു.” (മുജാഹിദ് സംസ്ഥാന സമ്മേളന സോവനീർ 1992, പേജ് 259 – ആഗോള ഇസ്‌ലാമിക ചലനങ്ങളും സലഫീ പ്രസ്ഥാനവും).

5. കുറ്റിപ്പുറം സമ്മേളന സോവനീറിൽ മടവൂർ തന്നെ ‘ഇസ്‌ലാഹീ ചലനങ്ങൾ “മധ്യപൗരസ്ത്യ നാടുകളിൽ’ എന്ന ലേഖനത്തിൽ എഴുതുന്നു:

“നമ്മുടെ സമ്മേളനം ലോക സലഫീ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കാര്യത്തിൽ ഒരു കണ്ണിയായിത്തീരുമെന്ന് കരുതാവുന്നതാണ്’’ (മൂന്നാം സമ്മേളന സോവനീർ, പേജ് 212).

6. ‘മതം, രാഷ്ട്രീയം, ഇസ്‌ലാഹീ പ്രസ്ഥാനം’ എന്ന പേരിൽ (2001 ഫെബ്രു) ‘യുവത’ പുറത്തിറക്കിയ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുടെ പുസ്തകത്തിൻെറ മുഖവുരയിൽ ഇങ്ങനെ കാണാം :

“ഇസ്‌ലാമിക നവോത്ഥാന യത്നങ്ങൾ ലോകത്തിൻെറ മറ്റ് ഭാഗങ്ങളിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത രീതിയിൽ മലയാളക്കരയിലും വ്യാപകമായി നടന്നു. ഇസ്‌ലാമിക രംഗത്ത് അത് നവോന്മേഷം പകർന്നു. ദീനീരംഗത്ത് ഉയിരും ഊർജ്ജവും നൽകിയ ഇസ്‌ലാഹീ പ്രവർത്തനത്തിൻെറ ഫലമായി കേരളത്തിലെ മുസ്‌ലിം സമൂഹത്തിൻെറ മുഖഛായ തന്നെ മാറി“ (മതം, രാഷ്ട്രീയം..., മുഖവുര)

എന്തിനധികം മടവൂർ വിഭാഗത്തിൻെറ ആത്മീയ നേതാവ് പി. മുഹമ്മദ് കുട്ടശേരി എഴുതിയ ‘ഇസ്‌ലാഹീ പ്രസ്ഥാന ചരിത്രത്തിനൊരാമുഖം’ എന്ന കൊച്ചുപുസ്തകം

മുഴുവനായും ലോക സലഫീ പ്രവർത്തനങ്ങളുടെ ഭാഗംതന്നെയാണ് കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം എന്ന് അസന്നിഗ്ദ്ധമായി തെളിയിക്കുന്ന കൃതിയാണ്. എം.ഐ. സുല്ലമി 'ഗൾഫ് സലഫിസവും മുജാഹിദ് പ്രസ്ഥാനവും' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് തന്നെ അതിൻെറ കയ്യെഴുത്ത് കോപ്പി കുട്ടശേരി മൗലവി കാണാനും അഭിപ്രായം പറയാനുമുള്ള സാധ്യത ഏറെയാണ്. ചില സുഹൃത്തുക്കളിൽനിന്നും അത്തരം ചില സുചനകൾ ഈ ലേഖകന് ലഭിച്ചിട്ടുമുണ്ട്. എന്നിട്ടും ഈ ഭാഗം ഇങ്ങനെതന്നെ എം.ഐ. അച്ചടിക്കാൻ കൊടുത്തത് 'ഗ്രൂപ്പ് താൽപര്യം സംരക്ഷിക്കാൻ ഏത് കടുംകയ്യും ചെയ്യാം; ആദർശത്തിനും സംഘടനക്കും എതിരായാലും ശരി' എന്ന കോർഗ്രൂപ്പിൻെറ ഗൂഢാലോചനയുടെ ഫലമാണെന്ന് നമുക്ക് ന്യായമായും സംശയിക്കാം. മകൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ കണ്ണുനീർ കണ്ടാൽ മതിയെന്ന ദുഷ്ടയായ അമ്മായി അമ്മയുടെ നിലവാരത്തിലേക്ക് പണ്ഡിതൻമാർ തരംതാഴുന്ന അവസ്ഥ എന്തുമാത്രം വേദനാജനകമല്ല!

മേലുദ്ധരിച്ചതുപോലുള്ള എത്രയെത്ര ലേഖനങ്ങളാണ് എം.ഐ. സുല്ലമിയുടെ 'വെട്ടിനിരത്തലിൽ' നിലംപരിശായത്! ഈ ലേഖനങ്ങളിൽ പറഞ്ഞ വസ്തുതകളെയൊക്കെ അട്ടിമറിച്ച് അതൊക്കെ 'മൻസൂഖാ'ണെന്ന് പ്രഖ്യാപിക്കാൻ സുല്ലമി കണ്ടുപിടിച്ച ഈ 19-ാമത്തെ അടവ് തൻെറ പുസ്തകത്തിൻെറ പ്രസക്തിതന്നെ ഇല്ലാതാക്കിക്കളയുമെന്ന് അദ്ദേഹം ചിന്തിച്ചിരിക്കില്ല. മറ്റുള്ളവരെ തോൽപ്പിക്കണം എന്ന ഒരേയൊരു ചിന്തയിൽ പേനയുന്തിയാൽ ഇതിലും വലിയ വകത്തങ്ങൾ ഇനിയും ജനങ്ങൾ വായിക്കേണ്ടിവരും.

കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിൻെറ ആശയാദർശങ്ങൾ നമ്മുടെ പണ്ഡിതൻമാരുടെ പഠന ഗവേഷണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞതാണ് എന്ന സുല്ലമിയുടെ നവീന വാദമാകട്ടെ തനി ബാലിശവും അതിലുപരി വിവരക്കേടുമാണ്. ശബാബിൻെറ മുഖപ്രസംഗത്തിൽവന്ന ഒരു വാചകം മാത്രം ഈ വിഷയകമായി ഓർമ്മപ്പെടുത്തട്ടെ:

"മതത്തിൽ സ്വന്തമായി അഭിപ്രായങ്ങൾ പറഞ്ഞുണ്ടാക്കുകയോ സ്വന്തം വകയായി ആചാരങ്ങൾ രൂപപ്പെടുത്തുകയോ ചെയ്യുന്നവരെ പിന്തുടരാനല്ല മുജാഹിദുകൾ ആഹ്വാനം ചെയ്യുന്നത്. മുഹമ്മദ് മുസ്തഫാ(സ) കൊണ്ടുവന്ന സമ്പൂർണമായ മതം കൂട്ടിച്ചേർക്കലോ വെട്ടിക്കുറക്കലോ കൂടാതെ അഖണ്ഡമായി നിലനിർത്തണമെന്നാണ് നാം ആവശ്യപ്പെടുന്നത് (ശബാബ് 97 നവംബർ 21). എറിഞ്ഞവൻെറ നേരെ അതേശക്തിയിൽ തിരിച്ചുവരുന്ന ഇത്തരം ബൂമെറാങ്ങുകളാണ് സുല്ലമിയുടെ കൃതികളുടെ പ്രത്യേകതകൾ!!!

കേരളത്തിലെ ഏതാനും പണ്ഡിതൻമാർ കൂടിയാലോചിച്ചും പഠന ഗവേഷണങ്ങൾ നടത്തിയും ഒരു സ്വതന്ത്ര പാർട്ടി ഉണ്ടാക്കുകയും അതിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തുവെന്നുമാണല്ലോ സുല്ലമിയുടെ ലഘുലേഖയിലെ വാചകത്തിൻെറ ധ്വനി. ഇതിലും വലിയ അൽപത്തം വേറെയുണ്ടോ? എന്നാൽ മടവൂർ സഹയാത്രികൻ തന്നെ വർഷങ്ങൾക്ക് മുമ്പ് എഴുതിയതിൽ ഇതിന് മറുപടിയും ഉണ്ട്. അത് ഇങ്ങനെ വായിക്കാം:

“ഉത്തമരായ ഇമാമുകളുടെയും അവരുടെ ഉൽകൃഷ്ട മാർഗം പിന്തുടർന്ന് വരുന്ന അന്ത്യനാൾ വരെയുള്ള എല്ലാ മനുഷ്യരുടെയും മാർഗമാണിത്.

മഹാൻമാരായ അബൂഹനീഫത്തുൽ കൂഫിയും മുഹമ്മദ്ബ്നു ഇദ്രീസും ശാഫിഈയും മാലിക്ബ്നു അനസും (റ) കാണിച്ചുതന്ന മാർഗം, വിശുദ്ധ ഖുർആൻ ആയത്തിനെ ലളിത ശൈലിയിൽ സസൂക്ഷ്മം പഠന വിധേയമാക്കിയ യുഗപ്രഭാവനായ ഇമാം ഇബ്നു കസീറും(റ), കർമ്മശാസ്ത്രത്തെ പ്രവാചകചര്യയുടെ മൂശയിലിട്ട് വാർത്തെടുത്ത് ലോകത്തിന് നൽകിയ സുഫ്യാനുസ്സൗരിയും, സുബ്യാനുബ്നു ഉയൈയ്നയും (റ) അവലംബിച്ച പാത. വിജ്ഞാന സാഗരമായിരുന്ന ഇബ്നുതൈമിയയും(റ), ഇബ്നുൽ ഖയ്യിമും(റ), ശിർക്കൻമാരുടെയും അന്ധവിശ്വാസക്കാരുടെയും അനാചാരികളുടെയും കണ്ഠകോടാലിയായ, ചരിത്രം കണ്ട ഏറ്റവും വലിയ മുജദ്ദിദായ (പരിഷ്കർത്താവ്) മുഹമ്മദ്ബ്നു അബ്ദുൽ വഹാബും വെട്ടിത്തെളിയിച്ച സുഗമമായ വഴി.

അവരാരും പ്രത്യേകം ഒരു പാർട്ടി ഉണ്ടാക്കിയിട്ടില്ലല്ലോ? പിന്നെയെങ്ങനെ സലഫികൾ പ്രത്യേകമൊരു പാർട്ടിയാകും? അവർ ഏതെങ്കിലും ഒരു ഗ്രൂപ്പിലേക്ക് ആരെയും ക്ഷണിച്ചിട്ടുമില്ല. മറിച്ച് അവർ സർവ്വമുസ്ലിംകൾക്കും പ്രകാശം ചൊരിഞ്ഞ ദീപസ്തംഭങ്ങളായി നിലകൊണ്ടു” (ശബാബ് 94, സെപ്തംബർ 9, കോയക്കുട്ടി ഫാറൂഖിയുടെ ‘സലഫി പ്രബോധനത്തിൻെറ യാഥാർത്ഥ്യം’ എന്ന ലേഖനം).

ഇങ്ങനെ നാം അഭിമാനപുരസ്സരം പുറത്തിറക്കിയ എത്രയെത്ര രചനകളും പ്രഭാഷണങ്ങളുമാണ് ഇക്കൂട്ടർ ചവിട്ടിയരച്ചത്!? ഇസ്ലാഹീ പ്രസ്ഥാനത്തെ ഒരു കൂട്ടം മൗലവിമാരുടെ ഗവേഷണത്തിൽ രൂപം പൂണ്ട ഒരു സങ്കുചിത മദ്ഹബായി തരംതാഴ്ത്തിയ ഇവർക്ക് ഇസ്ലാഹീ പ്രസ്ഥാനത്തിൻെറ മൗലിക സ്വഭാവംപോലും മനസിലാക്കാനുള്ള ‘വകതിരിവ്’ നഷ്ടപ്പെട്ടതിൽ നാം ലജ്ജിക്കുകയല്ലാതെ മറ്റെന്ത് ചെയ്യും. അസത്യത്തിന് കുടപിടിക്കുന്നവർ അബദ്ധങ്ങളും വൈരുധ്യങ്ങളും വിളമ്പുന്നത് സ്വാഭാവികം മാത്രം.